പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3550

30/01/2014ലെ
മറുപടിക്ക്

### <u>കോട്ടയം ജില്ലയിലെ എൽ.ഡി.ടൈപ്പിസ്റ്റ് നിയമനം</u>

<u>ചോദ്യം</u> :

ശ്രീ. മോൻസ് ജോസഫ്

<u>ഉത്തരം</u> :

ശ്രീ. ഉമ്മൻചാണ്ടി
മുഖ്യമന്ത്രി

(എ) കോട്ടയം ജില്ലയിൽ നിലവിൽ വന്ന എൽ.ഡി.ടൈപ്പിസ്റ്റ് റാങ്ക് ലിസ്റ്റിൽനിന്നും എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ ;

(എ) 141 പേർക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ട്.

(ബി) ഈ തസ്തികയിൽ എത്ര വേക്കൻസി നിലവിലുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) നിലവിൽ 26 ഒഴിവുകളിലേയ്ക്ക് നിയമന ശിപാർശ ചെയ്യാനുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ഈ തസ്തികയിൽ എത്ര വേക്കൻസി ഉണ്ടാകും എന്ന് അറിയിക്കുമോ ;

(സി) 2014 കലണ്ടർ വർഷത്തിൽ സംസ്ഥാന ഭാഗ്യക്കുറി, ജുഡീഷ്യൽ (സിവിൽ) എന്നീ വകുപ്പുകളിൽ നിലവിൽ വരുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന യഥാക്രമം 1 ഉം (Date of Occurrence 1.6.2014) 2 ഉം (Date of Occurrence 1.6.2014 and 1.7.2014) ഒഴിവുകൾ ഉൾപ്പെടെ ആകെ 3 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ഇപ്പോൾ നിലവിലുള്ള വേക്കൻസികൾ എത്രയും വേഗം പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ;

(ഡി) നിലവിലുള്ള എല്ലാ ഒഴിവുകളും, 2014 കലണ്ടർ വർഷത്തെ പ്രതീക്ഷിത ഒഴിവുകളും പി.എസ്.സി.യെ അറിയിക്കാൻ എല്ലാ നിയമനാധികാരികൾക്കും സർക്കാർ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഇ) കോട്ടയം ജില്ലയിൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിൽ 53-ാം റാങ്കുകാരിയായ ശ്രീമതി.സുനിതാമോൾ എൻ.എസ്.-ന്റെ നിയമനം സംബന്ധിച്ച് പി.എസ്.സി. എന്തു തീരുമാനമെടുത്തു എന്നു വ്യക്തമാക്കാമോ? ശ്രീമതി.സുനിതാമോൾ എൻ.എസ്.-ന്റെ സർട്ടിഫിക്കറ്റ് പരിശോധന സംബന്ധിച്ച് പി.എസ്.സി. സ്വീകരിച്ച നടപടി വ്യക്തമാക്കാമോ?

(ഇ) കോട്ടയം ജില്ലയിൽ വിവിധ വകുപ്പുകളിൽ എൽ.ഡി.ടൈപ്പിസ്റ്റ് തസ്തികയുടെ (205/2009 & 206/2009) സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് ശ്രീമതി.സുനിതാമോൾ എൻ.എസ്. (Reg.No. 100656) 08.05.2012ൽ ഹാജരായിരുന്നു. ടിയാൻ പ്രസ്തുത തസ്തികയുടെ യോഗ്യതയ്ക്ക് (1) SSLC or its equivalent (2) KGTE Typewriting Malalayalam (Lower) (3) KGTE Typewriting

English (Lower) & Computer Word Processing or its equivalent)തത്തുല്യമെന്ന് അവകാശപ്പെട്ട് ഹാജരാക്കിയ VHSE Office Secretaryship (May 2002) സർട്ടിഫിക്കറ്റിൽ നിർദ്ദിഷ്ട യോഗ്യതകളിൽ ഒന്നായ Computer Word Processing യോഗ്യത ഉൾപ്പെട്ടിരുന്നില്ല. 03.10.2012ലെ DRI (2) 12453/12/GW നമ്പർ കത്തിലെ ഉത്തരവു പ്രകാരം 18.12.2009നു മുൻപു നേടിയ VHSE യോഗ്യതകളിൽ മാർക്ക് ലിസ്റ്റ്/സിലബസ്സിൽ നിർദ്ദിഷ്ട യോഗ്യത ഉൾപ്പെട്ടിട്ടുണ്ടെങ്കിൽ മാത്രം പ്രസ്തുത സർട്ടിഫിക്കറ്റ് ടി തസ്തികയുടെ തെരഞ്ഞെടുപ്പിന് പരിഗണിച്ചാൽ മതിയെന്നും അല്ലാത്തപക്ഷം പരിഗണിക്കേണ്ടതില്ലായെന്നും അറിയിച്ചിരുന്നു. ആയതിൻ പ്രകാരം നിർദ്ദിഷ്ട യോഗ്യതകളുടെ അഭാവത്തിൽ ഈ ഉദ്യോഗാർത്ഥിയെ നിലവിലെ നടപടിക്രമം അനുസരിച്ച് റാങ്ക് പട്ടികയിൽ നിന്നും നീക്കം ചെയ്തിരുന്നു.

സെക്ഷൻ ഓഫീസർ